"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- ശ്രീ.ജസ്റ്റിൻ.പി.എ, ഡെപ്യൂട്ടി ഡയറക്ടർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 79/2025 മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 17.03.2025-ലെ അന്തിമഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1702/2025/LSGD തിരുവനന്തപുരം, തീയതി:10-07-2025

പരാമർശം:-
1. 06.10.2023-ലെ സ.ഉ (സാധാ)1965/2023/ എൽ എസ് ജി ഡി
2. 07.12.2024-ലെ സ.ഉ (സാധാ)2393/2024/ എൽ എസ് ജി ഡി
3. OA 79/2025-മേൽ ബഹു.ട്രിബ്യൂണലിന്റെ 17.03.2025-ലെ അന്തിമ ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.05.2025 & 24.06.2025-തീയതികളിലെ LSGD/PD/8351/2025/DEA1 നം. കത്തുകൾ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.4.2025, 16.5.2025 & 20.05.2025 തീയതികളിലെ LSGD/PD/21471/2024/DEH2 നം. കത്തുകൾ

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് കാസർഗോഡ് മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ നിയമിതനാകുകയും തുടർന്ന് പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറായി സ്ഥലംമാറ്റി നിയമിക്കുകയും ചെയ്ത ശ്രീ.ജസ്റ്റിൻ പി.എ, തന്റെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചു കിട്ടുന്നതിനായി വകുപ്പദ്ധ്യക്ഷനായ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന നിരവധി അപേക്ഷകൾ തുടർച്ചയായി നിരസിക്കപ്പെട്ടതായും, ആലപ്പുഴ സ്വദേശിയായ ടിയാൾ സ്ഥാനക്കയറ്റത്തെത്തുടർന്ന് തെക്കൻ ജില്ലകളിൽ ഏതിലെങ്കിലും സ്ഥലംമാറ്റത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കപ്പെടുകയുണ്ടായില്ലായെന്നും ആരോപിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) 79/2025 ഫയൽ ചെയ്യുകയുണ്ടായി.

OA(EKM) 79/2025 മേൽ ബഹു.ട്രിബ്യൂണൽ പരാമർശം (3) പ്രകാരം ചുവടെ ചേർക്കും പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

*"...therefore the Original Application is disposed of with a direction to the Ist Respondent to consider and pass orders on Annexure A 6 representation, in accordance with law after affording an opportunity of hearing to the Applicant , within a period of two months from the date of receipt of a copy of this order."*

കോടതിവിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി പരാതി കക്ഷിയായ ശ്രീ.ജസ്റ്റിൻ.പി.എ-യെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 30.04.2025-നേരിൽ കേൾക്കുകയുണ്ടായി .

സ്ഥാനക്കയറ്റത്തെത്തുടർന്ന് 11.10.2023 FN-ൽ പ്രൊമോഷൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ടിയാൾക്ക്, ചട്ടപ്രകാരം പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഒരു വർഷക്കാലയളവിനുള്ളിലെ തുടർച്ചയായ ആറുമാസ നിരീക്ഷണ കാലയളവ് 10.04.2024 AN-ൽ പൂർത്തിയായിട്ടുള്ളതാണെന്നും 11.04.2024 FN പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ച് നൽകി ഉത്തരവായിട്ടില്ല എന്നും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറി ആയ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രസക്ത സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ ജൂനിയറായ ഉദ്യോഗസ്ഥർക്ക് കൂടുതൽ സൗകര്യപ്രദമായ ഓഫീസുകളിലേക്ക് സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള നിയമനം നല്കിയിട്ടുള്ളതായും കാസർഗോഡ് ജില്ലയിൽ നിന്നും സ്ഥലംമാറ്റത്തിനു അപേക്ഷിച്ചിട്ടുള്ള മറ്റേതെങ്കിലും ജില്ലകളിൽ തനിയ്ക്ക് സ്ഥലംമാറ്റം നൽകണം എന്നും Annexure A6-ൽ പരാമർശിച്ചിട്ടുണ്ട്

ശ്രീ.ജസ്റ്റിൻ പി.എ, തന്റെ ഡെപ്യൂട്ടി ഡയറക്ടറായുള്ള പ്രൊബേഷൻ പ്രഖ്യാപിച്ചു കിട്ടുന്നതിനായി 15/4/2024 തീയതിയിൽ കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, എന്നാൽ എല്ലാവിധ പരിശോധനകളും കഴിഞ്ഞ കുറ്റമറ്റ രീതിയിലുള്ള തന്റെ പ്രൊബേഷൻ അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ജോയിന്റ് ഡയറക്ടർക്ക് തിരികെ നല്കികൊണ്ടിരിക്കുകയാണെന്നും, ടിയാൾ ചട്ടപ്രകാരമുള്ള പ്രൊബേഷൻ കാലയളവ് 10/4/24 AN ൽ പൂർത്തീകരിച്ചിട്ടുള്ളതും 11/4/24 പൂർവാഹനം പ്രാബല്യത്തിൽ തന്റെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചു ലഭിക്കുവാൻ അർഹനാണ് എന്നും, ആയതിനാൽ തന്റെ പ്രൊബേഷൻ പ്രഖ്യാപിച്ചു ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഹിയറിങ് വേളയിൽ അഭ്യർഥിച്ചു .കൂടാതെ താൻ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന വ്യക്തിയാണെന്നും , തന്റെ അപേക്ഷ പരിഗണിക്കാതെ, നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് തന്റെ ജൂനിയർ ആയിരുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള സ്ഥലംമാറ്റം നൽകിയെന്നും ഹിയറിങ് വേളയിൽ ശ്രീ. ജസ്റ്റിൻ പി.എ അറിയിക്കുകയുണ്ടായി.

പരാതികക്ഷി ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ വിശദീകരണത്തിന്റെ സംഗ്രഹം ചുവടെ ചേർത്തിരിക്കുന്നു.

1. ശ്രീ.ജസ്റ്റിൻ.പി.എ-ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനുശേഷം ടിയാൻ 20-12-2023 തീയതി രേഖപ്പെടുത്തി വകുപ്പിൽ നൽകിയ സ്ഥലംമാറ്റ അപേക്ഷയിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, കൊല്ലം ജില്ലകളിൽ ഇനി വരുന്ന ഒഴിവുകളിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ മേൽ സൂചിപ്പിട്ടുള്ള അപേക്ഷകൾ, ശ്രീ. ജസ്റ്റിൻ പി.എ ഉചിതമാർഗ്ഗേന അല്ല വകുപ്പിൽ സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും, സർക്കാരിലേക്ക് ടിയാൻ നേരിട്ട് സമർപ്പിച്ചിട്ടുള്ളതായി കാണിച്ചിരുന്നതിനാലുമാണ് ടി സ്ഥലംമാറ്റ അപേക്ഷകളിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും ശിപാർശകളൊന്നും തന്നെ സർക്കാരിലേക്ക് നല്കാതിരുന്നതെന്നുമാണ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് . എന്നാൽ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ശ്രീ.ജസ്റ്റിൻ സമർപ്പിച്ചിട്ടുള്ളതായി പറയുന്ന അപേക്ഷകൾ ഒന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല.

2. കാസർഗോഡ് മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ.ജസ്റ്റിൻ പി.എ-യ്ക്കെതിരെ കാസർഗോഡ് മുനിസിപ്പൽ ചെയർമാൻ സമർപ്പിച്ചിട്ടുണ്ടായിരുന്ന പരാതിയിന്മേൽ കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ, ടിയാൾക്കെതിരെ നിരവധി

ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളതായി പറഞ്ഞിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ടിയാൻ 11.10.2023 മുതൽ 09.12.2024 വരെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. ടിയാനെതിരെയുണ്ടായിട്ടുള്ള ആരോപിത വിഷയങ്ങളെല്ലാം ടിയാൻ കാസർഗോഡ് നഗരസഭയിൽ സേവനമനുഷ്ഠിച്ച കാലയളവിലാണ് സംഭവിച്ചിട്ടുള്ളത് എന്നതിനാലാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ വകുപ്പദ്ധ്യക്ഷൻ തലത്തിൽ ശിപാർശ നൽകാതിരുന്നത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ടിയാനെതിരെയുള്ള ആരോപണങ്ങൾ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും ശ്രീ.ജസ്റ്റിൻ-നു വിശദീകരണ മെമ്മോ നൽകുകയും ആയതിനു ടിയാൾ നൽകിയ മറുപടിയിന്മേൽ കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ നൽകിയ അഭിപ്രായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് നൽകുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജസ്റ്റിൻ.പി.എയ്ക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

സർക്കാർ Annexure A6 ൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. കെ.എസ്&എസ്.എസ്.ആർ പാർട്ട് II ലെ റൂൾ 20(a), അതിന്റെ ചുവടെയുള്ള Explanation I പ്രകാരം ;

*"At the end of the prescribed or extended period of probation, as the case may be, the Appointing Authority shall consider the probationer's suitability for full membership of the service, class or category for which he was selected."*

*"The decision of the Appointing Authority that the probationer is not suitable for full membership may be based also on his work and conduct till the date of the decision inclusive of the period subsequent to the prescribed or extended period of probation."*

മേൽചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഒരാളുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് നിയമനാധികാരിയുടെ വിവേചനാധികാരത്തിൽപെടുന്നതാണ്. വിവേചനാധികാരം എന്നത് കൊണ്ടുദ്ദേശിക്കുന്നത് പ്രത്യേകിച്ച് എന്തെങ്കിലും നിബന്ധനയുടെ തടസ്സമോ നിയന്ത്രണമോ കൂടാതെ വസ്തുതകളും സാഹചര്യവും വിലയിരുത്തി യുക്തവും നീതിപൂർവവുമായ തീരുമാനം എടുക്കുന്നതിനുള്ള അധികാരമാണ്. ശ്രീ. ജസ്റ്റിൻ-ന്റെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് 11.10.2023 മുതൽ 10.04.2024 വരെയാണ്. ടിയാൻ 11.10.2023 മുതൽ 09.12.2024 വരെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. ടിയാനെതിരെയുള്ള നിരവധി ആരോപണങ്ങൾ ടിയാൻ കാസർഗോഡ് നഗരസഭയിൽ സേവനമനുഷ്ഠിച്ച കാലയളവിലാണ് സംഭവിച്ചിട്ടുള്ളത് എന്നതിനാലാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ശുപാർശ നൽകാതിരുന്നത് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാനെതിരെയുള്ള ആരോപണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയുമാണ്. ഈ സാഹചര്യത്തിൽ ശ്രീ. ജസ്റ്റിൻ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 11.04.2024 പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി നിലവിൽ പ്രഖ്യാപിക്കുവാൻ സാധിക്കുകയില്ല.

കൂടാതെ ആലപ്പുഴ,കൊല്ലം,കോട്ടയം,എറണാകുളം തുടങ്ങിയ ഏതെങ്കിലും ജില്ലകളിലേക്കുള്ള സ്ഥലംമാറ്റത്തിനായി ശ്രീ.ജസ്റ്റിൻ.പി.എ, ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുള്ള അപേക്ഷയും നിലവിലെ സാഹചര്യത്തിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്നും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ പ്രകാരം OA(EKM)79/2025-മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 17.03.2025-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ശ്രീ. ജസ്റ്റിൻ പി.എ (ഡെപ്യൂട്ടി ഡയറക്ടർ), പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം,സിവിൽ സ്റ്റേഷൻ, കാസർഗോഡ്
ശ്രീ. ജസ്റ്റിൻ പി.എ,പുത്തൻപുരയ്ക്കൽ, തുമ്പോളി പി.ഒ, ആലപ്പുഴ - 688008
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 10-07-2025 12:52:11
സെക്ഷൻ ഓഫീസർ